"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി രൂപീകരണം - പദ്ധതി അടങ്കൽ സംബന്ധിച്ച് വിശദീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.210/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/01/2021

പരാമർശം:- 1 സ. ഉ (കൈ) നം. 4/2021/തസ്വഭവ, തീയതി 11/01/2021.

2 2021-22 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV.

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി അന്തിമമാക്കി 2021 ഫെബ്രുവരി 23-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി വേണം വാർഷിക പദ്ധതി അന്തിമമാക്കേണ്ടതെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. 2021-22 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള വികസനഫണ്ട് വിഹിതവും മെയിന്റനൻസ് ഫണ്ട് വിഹിതവും പൂർണ്ണമായി വിഭജിച്ച് നൽകിയിട്ടില്ല. അതു കാരണം പദ്ധതി അടങ്കൽ സംബന്ധിച്ച വിഷയത്തിൽ വിശദീകരണം ആവശ്യമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അടുത്ത വർഷത്തേയ്ക്കുള്ള (2021-22) വികസന പദ്ധതികൾ തയ്യാറാക്കുന്ന സന്ദർഭത്തിൽ വാർഷിക പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന വിശദീകരണങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു :

**3. വികസനഫണ്ട് - കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്**

3.1 2021-22 -ലേയ്ക്കുള്ള പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. അതുകൊണ്ട് ആയിനത്തിൽ 2020-21 വർഷം അനുവദിച്ച തുക (2412 കോടി രൂപ) 2021-22-ലേയ്ക്കുള്ള താൽക്കാലിക വിഹിതമായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക വിഭജിച്ച് നൽകിയിട്ടില്ല. യഥാർത്ഥ തുക എത്രയെന്ന് അറിയാത്തതു കൊണ്ടും തുക വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമല്ലാത്തതുകൊണ്ടുമാണ് താൽക്കാലികമായി വകയിരുത്തിയ തുക വിഭജിച്ച് നൽകാതെ മാറ്റിവെച്ചിരിക്കുന്നത്. യഥാർത്ഥ വിഹിതത്തിന്റേയും അത് വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടേയും വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുക വിഭജിച്ച് നൽകുന്നതാണ്.

3.2 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഭജിച്ച് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ തൽക്കാലം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം ഒഴികെയുള്ള മറ്റ്

വിഭാഗം ഫണ്ടുകളുടെ (പൊതുവിഭാഗം-സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതം എന്നീ ഫണ്ടുകളുടെ) 2021-22 ലെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് പിന്നീട് വിഭജിച്ച് നൽകുന്നതിനെ തുടർന്ന് 2021 ജൂൺ/ജൂലൈ മാസത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിനുള്ള പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള അവസരം നൽകുന്നതാണ്.

**4. മെയിന്റനൻസ് ഫണ്ട്**

4.1 **മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതം**:- റോഡ് വിഹിതമായി ആകെ 1949.80 കോടി രൂപ 2021-22-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പുള്ള റോഡ് ഡാറ്റായെ അടിസ്ഥാനമാക്കിയാണ് ഇതുവരെ ഫണ്ട് വിതരണം നടത്തിയിരുന്നത്. ഇപ്പോൾ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ റോഡുകളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. എന്നാൽ സ്ഥിതിവിവരക്കണക്കുകൾ കുറ്റമറ്റതാക്കേണ്ടതുള്ളതുകൊണ്ട് തൽക്കാലം ആകെ വിഹിതത്തിന്റെ മൂന്നിലൊന്ന് തുക മാത്രം പുതിയ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി വിതരണം ചെയ്യാനും മൂന്ന്-നാല് മാസത്തിനകം സ്ഥിതിവിവരക്കണക്കുകൾ കുറ്റമറ്റതാക്കിയതിനുശേഷം മുഴുവൻ തുകയും വിതരണം ചെയ്യാനും ശുപാർശ ചെയ്തിരുന്നു. ഇത് സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്നിലൊന്ന് തുകയാണ് (649.93 കോടി രൂപയാണ്) പുതിയ സ്ഥിതിവിവരകണക്കുകളെ അടിസ്ഥാനമാക്കി ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം ഇപ്പോൾ വിഭജിച്ച് നൽകിയിട്ടുള്ളത്. ബാക്കി തുക സംസ്ഥാന ബജറ്റിൽ വിഭജിക്കാതെ മാറ്റിവെച്ചിരിക്കുകയാണ്.

4.2 **മെയിന്റനൻസ് ഫണ്ട് റോഡിതര വിഹിതം** :- റോഡിതര വിഹിതമായി ആകെ 1218.63 കോടി രൂപ 2021-22-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വികസന ഫണ്ട് വിഹിതം വിഭജിക്കുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ ഫണ്ടിന്റെ വിതരണം ഇതുവരെ നടത്തിയിരുന്നത്. അതുകൊണ്ടുതന്നെ യഥാർത്ഥ ആവശ്യത്തിന് അനുസരിച്ച് ഫണ്ട് ലഭിക്കുന്നില്ല എന്ന പരാതി പല തദ്ദേശഭരണ സ്ഥാപനങ്ങളും നിരന്തരം ഉന്നയിച്ചു വരുന്നുണ്ട്. ഇത് തിരുത്തുന്നതിന്റെ ഭാഗമായി ഇപ്പോൾ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡിതര ആസ്തികളുടേയും വിവരങ്ങൾ ശേഖരിച്ചു വരികയാണ്. 2021-22-ൽ തന്നെ യഥാർത്ഥ ആവശ്യത്തിനനുസരിച്ച് ഫണ്ട് അനുവദിക്കുന്ന സമ്പ്രദായം പ്രാവർത്തികമാക്കണം എന്ന ഉദ്ദേശ്യത്തോടെ തൽക്കാലം മൂന്നിലൊന്ന് തുക മാത്രം, നിലവിൽ അവലംബിച്ചു വരുന്ന അതേ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണക്കാക്കി വിതരണം ചെയ്യാനും മൂന്ന്-നാല് മാസത്തിനകം വിവരങ്ങൾ ശേഖരിച്ചതിനുശേഷം മുഴുവൻ തുകയും വിതരണം ചെയ്യാനും ശുപാർശ ചെയ്തിരുന്നു. ഇത് സംസ്ഥാന സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് മൂന്നിലൊന്ന് തുകയേ (406.21 കോടി രൂപ) ഇപ്പോൾ വിഭജിച്ച് നൽകിയിട്ടുള്ളൂ. ബാക്കി തുക വിഭജിക്കാതെ മാറ്റിവെച്ചിരിക്കുകയാണ്.

4.3 മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതത്തിലും റോഡിതര വിഹിതത്തിലും മൂന്നിലൊന്ന് തുക മാത്രമേ വിഭജിച്ച് നൽകിയിട്ടുള്ളൂ എന്നത് പരിഗണിച്ച് തൽക്കാലം തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ഈ രണ്ട് വിഭാഗങ്ങളിലെയും 2020-21-ലെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി 2021-22-ലെ പദ്ധതികൾ അന്തിമമാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ഇതനുസരിച്ച് 2020-21-ലെ ബജറ്റ് വിഹിതം 2021-22 ലെ താൽക്കാലിക വിഹിതമായി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. യഥാർത്ഥ വിഹിതം നിശ്ചയിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതിനനുസൃതമായി മെയിന്റനൻസ് പ്ലാൻ പരിഷ്കരിക്കുന്നതിനുള്ള അവസരം 2021 ജൂൺ/ജൂലൈ മാസത്തിൽ നൽകുന്നതാണ്.

5. ഈ ഉത്തരവിലെ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി അന്തിമമാക്കേണ്ടതും പരാമർശം (1)-ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്കകം തന്നെ പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക്

സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.01.27 12:29:36 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്